# അന്തിക്രിസ്തുവിന്റെ പ്രത്യക്ഷത ( വെളിപാട് പഠനം 59)

പാസ്റ്റര് സി.വി. ആന്ഡ്രൂസ്, അറ്റ്ലാന്റ

**അദ്ധ്യായം 6: 1, 2. കുഞ്ഞാടു മുദ്രകളില് ഒന്നു പൊട്ടിച്ചപ്പോള് നീ വരിക എന്നു നാലു ജീവികളില് ഒന്നു ഇടിമുഴക്കം പോലെ പറയുന്നതു ഞാന് കേട്ടു. അപ്പോള് ഞാന് ഒരു വെള്ളക്കുതിരയെ കണ്ടു. അതിന്മേല് ഇരിക്കുന്നവന്റെ കയ്യില് ഒരു വില്ലുണ്ട്. അവന് ഒരു കിരീടവും ലഭിച്ചു. അവന് ജയിക്കുന്നവനായും ജയിപ്പാനായും പുറപ്പെട്ടു.**

നാലും അഞ്ചും അദ്ധ്യായങ്ങളില് നാം സ്വര്ഗ്ഗീയ രംഗത്തായിരുന്നു. എന്നാല് ഈ അദ്ധ്യായം മുതല് നാം ഭൂമിയിലേക്ക് മാറുന്നു. സ്വര്ഗ്ഗത്തില് നാം കണ്ട ആരാധനാപുരുഷനായ വീണ്ടെടുപ്പുകാരനായ ക്രിസ്തു ഇവിടെ നീതിയുള്ള ന്യായാധിപതിയായി മാറുന്നു. കുഞ്ഞാടു മുദ്രകളില് ഒന്നു പൊട്ടിച്ചപ്പോള് നീ വരിക എന്ന് നാലു ജീവികളില് ഒന്ന് ഇടിമുഴക്കം പോലെ പറയുന്നത് ഞാന് കേട്ടു. വരിക എന്ന ക്ഷണം മൊത്തം നാലു പ്രാവശ്യം നാം കാണുന്നു. മൂന്നാം വാക്യത്തില് രണ്ടാം ജീവി രിക എന്ന് പറയുന്നു. അഞ്ചാം വാക്യത്തില് മൂന്നാം ജീവി വരിക എന്നു പറയുന്നു. ഏഴാം വാക്യത്തില് നാലാം ജീവിയും വരിക എന്നു പറയുന്നു. വെളിപ്പാടു നാലാം അദ്ധ്യായത്തില് നമ്മള് കണ്ട ജീവികളാണിവ. അവ ഏതു വര്ഗ്ഗത്തില് സൃഷ്ടിക്കപ്പെട്ടോ ആ വകുപ്പില് പെട്ട ജീവികളുടെ തലവന്മാരാണവര്. ആദ്യത്തെ നാലു മുദ്രകള് പൊട്ടിക്കമ്പോള് മാത്രമേ വരിക എന്ന പ്രയോഗം കാണുന്നുള്ളൂ. ഇംഗ്ലീഷില് വന്നു കാണുക () എന്നാണ്. വന്നു കാണുക എന്ന പറയുന്നത് യോഹന്നാനോടാണ്. വന്നു കാണുക എന്ന ആജ്ഞ പ്രതികരണമായി യോഹന്നാന് ഞാന് കണ്ടു എന്ന് പറയുന്നത് ഈ ആശയത്തെ ഉറപ്പിക്കുന്നു. ക്രിസ്തു ജീവികളുടെ കല്പനയ്ക്ക് വിധേയനല്ല. അവയാല് ആരാധ്യനാണ്.

അപ്പോള് ഞാന് ഒരു വെള്ളക്കുതിരയെ കണ്ടു അതിന്മേല് ഇരിക്കുന്നവന്റെ കയ്യില് ഒരു വില്ലുണ്ട്. അവന് ഒരു കിരീടവും ലഭിച്ചു എന്ന നാം വായിക്കുന്നു. വെള്ള സമാധാനത്തിന്റെ പ്രതീകം ആണ്. വെള്ള എന്ന പദം പലപ്രാവശ്യം വെളിപ്പാടു പുസ്തകത്തില് ഉപയോഗിച്ചിട്ടുണ്ട്. വെളുത്തതലമുടി 1: 14; വെള്ളക്കല്ല് 2: 17; വെള്ള വസ്ത്രം 3: 4; 5: 18; 4: 4; 6: 11; 7: 9, 13 വെളുത്ത മേഘം 14: 14, വെള്ളക്കുതി 19: 11, വെള്ള സിംഹാസനം 20: 11. വെള്ളക്കുതിര രക്തച്ചൊരിച്ചിലില്ലാത്ത യുദ്ധത്തെ കാണിക്കുന്നു. ഈ ഭൂമിയില് നടക്കവാന് പോകുന്ന ഞെട്ടിപ്പിക്കുന്ന സംഭവങ്ങള് കാണാന് നാലു ജീവികളില് ഒന്ന് യോഹന്നാനോട് വന്നു കാണുവാന് ക്ഷണിക്കുന്നു. ഇതാ വെള്ളക്കുതിരയുടെ പുറത്ത് ഒരുവന് ഇരിക്കുന്നു. ഇവന് ആരാണ്? ഇവന് വെളി.19: 11-13-ല് കാണപ്പെടുന്ന വെള്ളക്കുതിരമേല് രംഗപ്രവേശനം ചെയ്യുന്ന ക്രിസ്തുവല്ല.

**അവിടെ പ്രസ്താവിച്ചിരിക്കുന്ന ക്രിസ്തുവിന്റെ പ്രത്യേകതകള്:**

1.സ്വര്ഗ്ഗത്തില് നിന്നും പ്രത്യക്ഷപ്പെടുന്നു.
2. വിശ്വസ്തനും സത്യവാനും എന്നു പേര്.
3. നീതിയോടെ വിധിക്കുകയും പോരാടുകയും ചെയ്യുന്നു.
4. കണ്ണ് അഗ്നിജ്വാല
5. തലയില് അനേകം രാജമുടികള്
6. രക്തം തളിച്ച ഉടുപ്പു ധരിച്ചിരിക്കുന്നു.
7. ദൈവവചനം എന്നു പേര്.

ഹര്മ്മഗദ്ദോന് യുദ്ധത്തിനായി സ്വര്ഗ്ഗത്തില് നിന്ന് സൈന്യസമേതം ഇറങ്ങിവരുന്ന ക്രിസ്തുവാണ് 19: 11-13 വരെയുള്ള ഭാഗങ്ങളില് നാം കാണുന്നത്. അത് കര്ത്താവിന്റെ പരസ്യവരവാണ്.

**എന്നാല് വെളിപ്പാട് 6-ാം അദ്ധ്യായത്തില് വെള്ളക്കുതിപ്പുറത്തു കയറി വരുന്നവന് ക്രിസ്തുവല്ല എന്ന് വ്യക്തമായ തെളിയിക്കാം.**

1. ഏഴു മുദ്രയാല് മുദ്രയിടപ്പെട്ട പുസ്തകം കയ്യില് പിടിച്ചിരിക്കുന്നതും അതിന്റെ മുദ്രകള് ഓരോന്നായി പൊട്ടിക്കുന്നതും കര്ത്താവായ ക്രിസ്തുവാണ്. ആ സമയം ഇവന് വെള്ളക്കുതിരപ്പുറത്ത് കയറിവരവാണ്.

2. ഇവിടെ കുതിരപ്പുറത്ത് ഇരിക്കുന്നവനെ പീഢന കാലത്തിന്റെ ആരംഭത്തില് തന്നെ കാണുന്നു. എന്നാല് ക്രിസ്തു മഹോപദ്രവകാലം കഴിയുമ്പോള് അഥവാ അതിന്റെ അവസാനമാണ് പ്രത്യക്ഷപ്പെടുന്നത്. 19: 11-13 ഹര്മ്മഗദോന് യുദ്ധത്തില് ഏര്പ്പെടുവാന് രംഗപ്രവേശനം ചെയ്യുന്നതുവരെ അവനെ വെള്ളക്കുതിരപ്പുറത്ത് കാണുകയില്ല.

3. ഇവന്റെ കയ്യില് ഒരു വില്ലു മാത്രമേ ആയുധമായി കാണുന്നുള്ളൂ. പക്ഷെ അമ്പ് ഉണ്ടെന്ന് പറയുന്നില്ല. എന്നാല് ക്രിസ്തുവിന്റെ ആയുധം അവന്റെ വായിലെ മൂര്ച്ചയുള്ള വാള് ആണ്.(19: 15).

4. ഇവന് കിരീടമുള്ളതായി പറയന്നില്ല. പ്രസ്തുത കിരീടം ലഭിക്കയാണ്. അവന് ജയിച്ചവനായിട്ടല്ല പറഞ്ഞിരിക്കുന്നത്. ജയിക്കുന്നവനായും ജയിപ്പാനായും പുറപ്പെട്ടുവരികയാണ്. ഇവന് വെള്ളക്കുതിരമേല് വരുന്നതിനാല് സകലരാജ്യങ്ങളുമായി വ്യാജേന സമാധാന കരാര് ഉണ്ടാക്കും. അവന് രാജ്യങ്ങളെ ഓരോന്നായി കീഴടക്കി കിരീടം ധരിക്കയത്രെ ചെയ്യുന്നത്.
എന്നാല് ക്രിസ്തുവിന് അനേകം രാജമുടികള് ഉണ്ട്. (19: 12).

5. ഈ മനുഷ്യന് യുദ്ധം ആരംഭിക്കുന്നു. എന്നാല് ക്രിസുതു യുദ്ധം

അവസാനിപ്പിക്കുന്നു.

6. ഈ മനുഷ്യന് പേരില്ല. എന്നാല് വെളി. 19-ല് ക്രിസ്തു വരുമ്പോള് അവന്റെ നാമം രാജാധിരാജാവും കര്ത്താധി കര്ത്താവും എന്ന് എഴുതിയിരിക്കുന്നത് സകല ജഡവും കാണും. 19: 16. ആകയാല് വെളിപ്പാട് 6-ാം അദ്ധ്യായത്തില് വെള്ളക്കുതിരപ്പുറത്ത് കയറി വരുന്ന മനുഷ്യന് നമ്മുടെ കര്ത്താവായ ക്രിസ്തുവല്ല. പിന്നെയോ അന്തിക്രിസുതുവാണ്.

19: 11-ലെ വെള്ളക്കുതിരയും 6-ന്റെ 2-ല് കാണുന്ന വെള്ളക്കുതിരയും നിറത്തില് മാത്രമേ സാമ്യം ഉള്ളൂ. വെള്ള സമാധാനത്തെ കാണിക്കുന്നു. ക്രിസ്തു ശാശ്വത സമാധാനവും അന്തിക്രിസ്തു വ്യാജ സമാധാനവും വാഗ്ദാനം ചെയ്യുന്നു. യിസ്രയേലുമായുള്ള സമാധാന ഉടമ്പടിയോടെ അന്തിക്രിസ്തു ലോകത്തിന് സമാധാനം വാഗ്ദത്തം ചെയ്തുകൊണ്ട് രംഗത്തു വരുന്നതിനെ ആണ് സമാധാനത്തിന്റെ വെള്ളനിറം കാണിക്കുന്നത്. യുദ്ധത്തില് ജയം പ്രാപിച്ച് രംഗത്ത വന്നതിനെയും തുടര്ന്ന് ജയാളിയായി ഭരണം തുടരുന്നതിനെയും ഈ പ്രയോഗം കാണിക്കുന്നു. അവന്റെ കിരീടം സ്വന്തമായി മുന്നമേ ഉണ്ടായിരുന്നതല്ല. ഇപ്പോള് ലഭിച്ചതാണ്, ദൈവീക പദ്ധതികളുടെ നിറവേറലിനായി ദൈവം ഇവനെ അനുവദിച്ചു എന്നും കിരീടം ലഭിച്ചു എന്ന പ്രയോഗത്താല് അര്ത്ഥമാക്കാം. **ഭൗമിക ശക്തിയുടെയും ദൈവീക ശക്തിയുടെയും ആയുധമായി വില്ലു വെളിപ്പെടുത്തിയിട്ടുണ്ട്. ഭൗമിക ശക്തി-** യശ. 41: 2; യിരമ്യാ- 49: 35; 51: 3, 56; യെഹെ. 39: 3; സങ്കീ. 46: 9.
**ദൈവീക ശക്തി** -വിലാ. 2: 4; 3: 12; ഹബ. 3: 9. ദൈവത്തിനുള്ള ശക്തി വ്യാജമായി ഭാവിക്കുന്നതനെ ആണ് അന്തിക്രിസുതുവിന്റെ വില്ലു കാണിക്കുന്നത്.

ഇവിടെ അവന് ഒരു കിരീടം ലഭിച്ചു എന്നാണ് എഴുതിയിരിക്കുന്നത്. സ്വന്ത നീതികൊണ്ട് അവന് ലഭിച്ചതല്ല. അവന് ഒരു കിരീടം വയ്പാന് അനുമതി കിട്ടുകയായിരുന്നു. പക്ഷെ അവന് വെള്ളക്കുതിരപ്പുറത്താണ്. ഇത് ക്രിസ്തുവിനെ അനുകരിക്കുന്ന അഥവാ ക്രിസ്തുവെന്ന് അവകാശപ്പെടുന്ന അന്തിക്രിസുതുവിനെയാണ് വ്യക്തമാക്കുന്നത്. മത്താ. 24-ാം അദ്ധ്യായം വായിച്ചാല് അത് വെളിപ്പാട് 6-ാം അദ്ധ്യായത്തിന് സമാനമായി അനുഭവപ്പെടും. അന്ത്യകാലത്തെക്കുറിച്ചാണ് അവിട് കാണുന്നത്. അവിടെ ശിഷ്യന്മാര് വന്ന് യേശുവിനോട് ചോദിച്ചു “അത് എപ്പോള് സംഭവിക്കം. നിന്റെ വരവിനും ലോകാവസാനത്തിനും അടയാളം എന്ത്? മത്താ. 24: 3. ആരും നിങ്ങളെ തെററിക്കാതിരിപ്പാന് സൂക്ഷിച്ചുകൊള്വിന് എന്നാണ് യേശു മുന്നറിയിപ്പ് നല്കിയത്. മത്താ. 24: 4. ഞാന് ക്രിസ്തു എന്നു പറഞ്ഞ് അനേകര് എന്റെ പേര് എടുത്തു വന്ന് പലരേയും തെറ്റിക്കും. അതാണ് 6-ാം അദ്ധ്യായത്തിലെ വെള്ളക്കുതിര. 6: 2. വെള്ളക്കുതിരപ്പുറത്ത് ഒരുവന് വന്ന് അനേകരെ തങ്കലേക്ക് ആകര്ഷിക്കുന്നു. ദൈവവചനം അറിഞ്ഞു കൂടാത്ത ആളുകള് തങ്ങള് കര്ത്താവിനെ പിന്തുടരുകയാണെന്ന് ചിന്തിച്ച് ഈ വ്യക്തിയുടെ പിന്നാലെ

പോകയും വഴിതെററിപ്പോകയും ചെയ്യും. അനേകര് തന്റെ നാമത്തില് വന്ന് നമ്മെ വഞ്ചിക്കും എന്നാണ് യേശുവിന്റെ മുന്നറിയിപ്പ്. ഈ വെള്ളക്കുതിരയുടെ പ്രാധാന്യം ഇവിടെയാണ്. അതിന്മേലേറി വരുന്നത് വ്യാജ ക്രിസ്തു അഥവാ അന്തിക്രിസ്തുവാണ്.

ഈ അദ്ധ്യായത്തില് അവന് ലഭിച്ചു എന്ന പ്രയോഗം ആവര്ത്തിച്ചു കാണാം. അവന് ഒരു കിരീടം ലഭിച്ചു. ഭൂമിയില് നിന്ന് സമാധാനം എടുത്തു കളയേണ്ടതിന് അധികാരം ലഭിച്ചു. വലിയ വാളും അവന് കിട്ടി. അവന് അധികാരം ലഭിച്ചു. (6: 2, 4, 8). ഓരോ പ്രാവശ്യവും എന്തെങ്കിലും തിന്മയാണ് ഉത്ഭവിക്കുന്നത്. സാക്ഷാല് എതിര്ക്രിസ്തു വരുന്നതിന് മുമ്പ് കഴിഞ്ഞ നൂറ്റാണ്ടുകളിലായി ധാരാളം കൊച്ചുകൊച്ചു എതിര്ക്രിസ്തുക്കള് വന്നിട്ടുണ്ട്. ഇന്നും അവര് എഴുന്നേല്ക്കുന്നുണ്ട്. കുഞ്ഞുങ്ങളേ, ഇത അന്ത്യനാഴിക ആകുന്നു. എതിര്ക്രിസ്തുക്കള് വരുന്നു എന്ന് നിങ്ങള് കേട്ടിട്ടുണ്ടല്ലോ. ഇപ്പോള് അനേകം എതിര്ക്രിസ്തുക്കള് എഴുന്നേറ്റിരിക്കയാല് അന്ത്യനാഴിക ആകുന്നു എന്ന് നമുക്ക് അറിയാം. 1. യോഹ. 2: 18. ക്രിസ്തുവിനെപ്പോലെ അന്തിക്രിസ്തു വെള്ളക്കുതിരപ്പുറത്താണ് വരുന്നത്. സാത്താന് വെളിച്ചദൂതന്റെ വേഷം ധരിച്ചു വന്ന് മനുഷ്യരെ വഞ്ചിക്കും. വിജയിക്കുന്നതുവരെ ജയിക്കുവാനായി അവന് പുറപ്പെട്ടു എന്നാണ് നാം വായിക്കുന്നത്. മനുഷ്യനെ പൂര്ണ്ണമായി ജയിക്കാന് അന്തിക്രിസ്തു പരിശ്രമിക്കുന്നു.

സഭ ഇവിടെ നിന്നും മാറ്റപ്പെടുന്നതോടു കൂടി ഭൂമിയില് മഹോപദ്രവം ആരംഭിക്കുന്നു. ഈ രംഗത്തിന്റെ ആരംഭത്തില് തന്നെ ഇവിടെ അന്തിക്രിസ്തു പ്രത്യക്ഷപ്പെടും. വെള്ളക്കുതിരപ്പുറത്ത് അവന് ഭൂലോകത്ത് പ്രത്യക്ഷപ്പെടുന്നു. ഈ വ്യക്തി ദാനിയേല് ദര്ശിച്ച ശൂന്യമാക്കുന്നവനും ദാനി. 9: 27, വിശുദ്ധ സ്ഥലത്ത് ശൂന്യമാക്കുന്ന വിഗ്രഹം പ്രതിഷ്ഠിക്കുന്നവനും ദാനി. 11: 21; മത്താ. 24: 15. ക്രിസ്തുവിനു തുല്യനായി അഭിനയിക്കുന്ന എതിര് ക്രിസ്തുവും ആയ അധര്മ്മ മൂര്ത്തിയാണ്. 1. യോഹ. 4: 3; 2. തെസ്സ. 2: 8. മഹോപദ്രവകാലമത്രയും അവന് വിജയ ശ്രീലാളിതനായിരിക്കും. ദാനി. 8: 23, 24. കേവലം അമ്പില്ലാതെ വില്ലു മാത്രം പിടിച്ചുകൊണ്ടു വരുന്ന ഈ വ്യക്തിക്കു വേണ്ടത്ര ശക്തിയില്ല. കുതന്ത്ര പ്രവര്ത്തനങ്ങളാലാണ് അവന് ഉന്നത സ്ഥാനം കരസ്ഥമാക്കുന്നത്. വെളിപ്പെട്ട ശേഷം കിരീടം (അധികാരം) ലഭിക്കുകയും ചെയ്യുന്നു. അവന്റെ കിരീടധാരണയും ശക്തിയും തുടങ്ങുന്നത് മഹോപദ്രവത്തിന്റെ മദ്ധ്യകാലത്താണ്. വെളിപ്പാട് 13-ാ ം അദ്ധ്യായത്തില് ആ വിവരം സംബന്ധിച്ച് വിവരിച്ചിരിക്കുന്നു. അവന് ഉപായ ബുദ്ധിയും ഉഗ്രഭാവവും ഉള്ളവനാണ്. 2. തെസ്സ. 2: 12, ദാനി. 8: 23- 25.

ആരും ഏതു വിധേനയും നിങ്ങളെ ചതിക്കരുത്. ആദ്യമേ വിശ്വാസ ത്യാഗം സംഭവിക്കുകയും നാശയോഗ്യനും അധര്മ്മമൂര്ത്തിയുമായവന് വെളിപ്പെടുകയും വേണം. അവന് ദൈവാലയത്തില് ഇരുന്നകൊണ്ട് ദൈവം എന്ന് നടിച്ചു ദൈവം എന്നോ , പൂജാ വിഷയം എന്നോ പേരുള്ള സകലത്തിനും മീതെ തന്നെത്താന്

ഉയര്ത്തുന്ന എതിരാളിയത്രേ. അവന് സമയത്തിന് മുമ്പേ വെളിപ്പെടാതിരിക്കേണ്ടതിന് ഇപ്പോള് തടുക്കുന്നത് എന്ത് എന്ന് നിങ്ങള് അറിയുന്നു. 2. തെസ്സ. 2: 3-8; ദാനി. 8. 23-25.

സമാധാന സമ്പൂര്ണ്ണവും ഐശ്വര്യ സമൃദ്ധവുമായ ഒരു ഭരണകൂടത്തിനും അതിനനുയോജ്യനായ ഒരു നേതാവിനു വേണ്ടി അത്യാകാംക്ഷയോടെ കാത്തിരിക്കുന്ന മാനവജാതി, എല്ലാവിധ വാഗ്ദത്തങ്ങളോടും കൂടെ പ്രത്യക്ഷപ്പെടുന്ന അന്തിക്രിസ്തുവിനെ സര്വ്വസമ്മതനായി അംഗീകരിക്കും. യാതൊരു എതിര്പ്പോ, ആരുടെയെങ്കിലും വിസമ്മതമോ, ഇല്ലാതെതന്നെ അന്തിക്രിസ്തു ലോകത്തിന്റെ അനിഷേധ്യനേതാവായി ഉയരും. മഹാസര്പ്പമായ സാത്താന് തന്റെ ശക്തിയും സിംഹാസനവും വലിയ അധികാരവും അവന് കൊടുക്കുകയാല് അവന് ജനതാമദ്ധ്യേ വിവിധ അത്ഭുതങ്ങള് പ്രവര്ത്തിക്കും. മാത്രമല്ല, ഭൂമിയില് നിന്നു കയറി വരുന്ന മറ്റൊരു മൃഗം (കള്ളപ്രവാചകന്) അന്തിക്രിസ്തുവിനുവേണ്ടി ജനതാമദ്ധ്യത്തില് പ്രചരണം നടത്തുകയും അവനെ നമസ്കരിക്കാനായി ജനത്തെ നാനാപ്രാകേരണ പ്രേരിപ്പിക്കുകയും ചെയ്യും. 13: 6-8. സത്യമാകുന്ന ക്രിസ്തുവിന്റെ വചനങ്ങളെ ഇന്ന് വിശ്വസിക്കുവാന് വിസമ്മതിക്കുന്ന ജനം അന്ന അന്തിക്രിസ്തുവിന്റെ വാക്ക് വിശ്വസിക്കും. വഴി ആകുന്ന യേശുവിനെ പിന്പറ്റുവാന് ഇന്ന് കൂട്ടാക്കാത്ത ലോകം, അന്ന് അധര്മ്മ മൂര്ത്തിയെ അനുഗമിക്കും. ജീവന് ആകുന്ന ദൈവപുത്രനെ കൈകൊള്വാന് ഇന്ന് മടിക്കുന്ന ജനം, അന്ന് നാശപുത്രനെ സര്വ്വാത്മനാ അംഗീകരിക്കും. ഇന്ന് ക്രിസ്തുവിനെ ആരാധിക്കുവാന് വിസമ്മതിക്കുന്ന ജനം അന്ന് അന്തിക്രിസ്തുവിനെ നമസ്ക്കരിക്കും.

## അന്തിക്രിസ്തുവിന്റെ പേരുകള്

1. ഉഗ്രഭാവവും ഉപായ ബുദ്ധിയുമുള്ള രാജാവ്. ദാനി. 8: 23.
2. തുമ്പുകെട്ട ഇടയന്. സെഖ. 11: 15.
3. എതിര്ക്രിസ്തു. 1. യോഹ. 2: 18; 4: 3.
4. അധര്മ്മമൂര്ത്തി. 2. തെസ്സ. 2: 3.
5. നാശയോഗ്യന്. 2. തെസ്സ. 2: 3.
6. എതിരാളി. 2. തെസ്സ. 2: 4.
7. മൃഗം. വെളി. 13: 1.
8. സര്പ്പത്തിന്റെ സന്തതി. ഉല്പ. 3: 15.

## യേശുക്രിസ്തുവും അന്തിക്രിസ്തുവും തമ്മിലുള്ള വ്യത്യാസങ്ങള്

1. ക്രിസ്തു ഉയരത്തില് നിന്നുള്ളവന്. യോഹ. 6: 38.
അന്തിക്രിസ്തു ആഴത്തില് നിന്നുള്ളവന്. വെളി. 11: 7.
2. ക്രിസ്തു പിതാവിന്റെ നാമത്തില് വന്നു. യോഹ. 5: 43.
അന്തിക്രിസ്തു സ്വന്തനാമത്തില് വരുന്നു. യോഹ. 5: 43.

3. ക്രിസ്തു ഉയര്ത്തപ്പെടുന്നു. ഫിലി. 2: 9.
അന്തിക്രിസ്തു അഗാധത്തിലേക്ക് വീഴുന്നു. വെളി. 20: 10.
4. ക്രിസ്തു പിതാവിന്റെ ഹിതം നിറവേറ്റി. യോഹ. 6: 38.
അന്തിക്രിസ്തു സ്വന്തഹിതം ചെയ്യുന്നു. ദാനി. 11: 36.
5. ക്രിസ്തു രക്ഷിക്കുന്നു. ലൂക്കോ. 19: 10.
അന്തിക്രിസ്തു നശിപ്പിക്കുന്നു. ദാനി. 8: 24.
6. ക്രിസ്തു നല്ല ഇടയന്. യോഹ. 10: 4.
അന്തിക്രിസ്തു ദുഷ്ട ഇടയന്. സെഖ. 11: 16, 17.
7. ക്രിസ്തു സത്യമുന്തിരിവള്ളി. യോഹ. 15: 1.
അന്തിക്രിസ്തു കാട്ടുമുന്തിരി. വെളി. 14: 18.
8 ക്രിസ്തു സത്യം. യോഹ. 14: 6.
അന്തിക്രിസ്തു ഭോഷ്ക്. 2. തെസ്സ. 2: 11.
9. ക്രിസ്തു വിശുദ്ധന്. ലൂക്കോ. 1: 35.
അന്തിക്രിസ്തു അധര്മ്മമൂര്ത്തി. 2: തെസ്സ. 2: 3.
10. ക്രിസ്തു ദൈവപുത്രന്. ലുക്കോ. 1: 35.
അന്തിക്രിസ്തു നാശപുത്രന്. 2.തെസ്സ. 2: 3.
11. ക്രിസ്തു നീതിയുള്ള രാജാവ്. യെശ 32: 1.
അന്തിക്രിസ്തു ഉപായബുദ്ധിയുള്ള രാജാവ്. ദാനി. 8: 23.
12. ക്രിസ്തു സമാധാനത്തിന്റെ പ്രഭു. യെശ. 9: 6.
അന്തിക്രിസ്തു ഉഗ്രഭാവമുള്ളവന്. ദാനി. 8: 23.
13. ക്രിസ്തു വിശുദ്ധ പ്രജ. ലൂക്കോ. 1: 35.
അന്തിക്രിസ്തു അധര്മ്മമൂര്ത്തി. 2. തെസ്സ. 2: 3.
14. ക്രിസ്തു സ്ത്രീയുടെ സന്തതി. ഉല്പ. 3: 15.
അന്തിക്രിസ്തു സര്പ്പത്തിന്റെ സന്തതി. ഉല്പ. 3: 15.
15. ക്രിസ്തു പരിശുദ്ധാത്മ ശക്തിയാല് പ്രവര്ത്തിച്ചു. ലൂക്കോ. 4: 18.
അന്തിക്രിസ്തു സാത്താന്യ ശക്തിയാല് പ്രവര്ത്തിക്കും. വെളി. 13: 2.
16. ക്രിസ്തു തന്നെത്താന് താഴ്ത്തി. ഫിലി. 2: 8.
അന്തിക്രിസ്തു തന്നെത്താന് ഉയര്ത്തും. 2. തെസ്സ. 2: 4.
17. ക്രിസ്തു പിതാവിനെ മഹത്വപ്പെടുത്തി. യോഹ. 17: 4.
അന്തിക്രിസ്തു ദൈവത്തെ ദുഷിക്കും. വെളി. 13: 5.
18. ക്രിസ്തു ദൈവാലയത്തെ ശുദ്ധീകരിച്ചു. യോഹ. 2: 1316.
അന്തിക്രിസ്തു ദൈവാലയത്തെ അശുദ്ധമാക്കും. 2. തെസ്സ. 2: 4.
19. ക്രിസ്തു മനുഷ്യരാല് ത്യജിക്കപ്പെട്ടു. യെശ. 35: 3.
അന്തിക്രിസ്തു മനുഷ്യരാല് അംഗീകരിക്കപ്പെടും. ദാനി. 8: 11; വെളി. 13
20. ക്രിസ്തു ജനത്തിനു വേണ്ടി കൊല്ലപ്പെട്ടു. 1. തിമോ. 2: 6.
അന്തിക്രിസ്തു ജനത്തെ കൊല്ലും. ദാനി. 3: 24, 25.
21 ക്രിസ്തു ആടുകള്ക്കായി ജീവന് കൊടുത്തു. യോഹ. 10: 11.

അന്തിക്രിസ്തു ആടുകളുടെ മാംസം ഭക്ഷിക്കും. സെഖ. 11: 16.
22. ക്രിസ്തു സ്വര്ഗ്ഗത്തലേക്ക് എടുക്കപ്പെട്ടു. പ്രവൃത്തി. 1: 9.
അന്തിക്രിസ്തു തീപ്പൊയ്കയിലേക്ക് തള്ളപ്പെടും. വെളി. 19: 20.

ഉപായബുദ്ധിയായ അന്തിക്രിസ്തു യിസ്രയേലിനെയും മേഘപ്രത്യക്ഷതയില് കൈവിടപ്പെട്ട നാമധേയ ക്രൈസ്തവ സംഘത്തെയും വശീകരിച്ചു ഐക്യതയില് എത്തുകയും യിസ്രയേലിന് ദൈവാലയം പണിയുന്നതിനാല് സഹായം നല്കുകയും ചെയ്യും. ക്രൈസ്തവരെന്നഭിമാനിക്കുന്ന കൂട്ടത്തിന് വലിയ സ്ഥനമാനങ്ങള് അനുവദിച്ചുകൊടുക്കും. ലോകജനതയെ ഒരു ചരടില് കോര്ത്തിണക്കി ഭരണം ആരംഭിക്കും. ലോകത്തില് ഒരേ നാണയം നടപ്പില് വരുത്തുകയും ഒരു തൊഴിലാളി സംഘടന മാത്രമാക്കി രുപപ്പെടുത്തുകയും സമ്പന്ന രാജ്യങ്ങളില് നിന്ന് ഉത്പാദനങ്ങള് ദരിദ്രരാജ്യങ്ങളിലേക്ക് അയക്കുന്നതിന് ഏര്പ്പാടുകള് ചെയ്യുകയും ജനായത്ത ഭരണരീതിയില് മടുത്ത രാഷ്ട്രങ്ങള് ഏക ഭരണാധികാരിയെ അംഗീകരിക്കുകയും ചെയ്യും.

യേശു ഒരു വ്യക്തി ആയിരുന്ന പ്രകാരം അന്തിക്രിസ്തുവും ഒരു വ്യക്തിയായിരിക്കും. യേശു ദൈവവും മനുഷ്യനും ആയിരുന്നുവെങ്കില് അന്തിക്രിസ്തു സാത്താനും മനുഷ്യനും ആയിരിക്കും. യേശു സ്ത്രീയുടെ സന്തതി ആയിരുന്നു. അന്തിക്രിസ്തു സര്പ്പത്തിന്റെ സന്തതി ആയിരിക്കും. സാത്താനില് നിന്ന എല്ലാവിധ അധികാരവും ശക്തിയും മഹത്വവും ലഭിക്കുകയാല് അവന് നിശ്ചമായും ഒരു അസാധാരണ വ്യക്തി ആയിരിക്കും. ജനമദ്ധ്യത്തില് അവന് ഒരു അമാനുഷന് തന്നെ ആയി കാണപ്പെടും. ക്രിസ്തു എന്തിനുവേണ്ടി അവതരിച്ചുവോ അതിന് നേരെ വിരുദ്ധമായ നിലയിലായിരിക്കും അന്തിക്രിസ്തു അവതരിക്കുന്നത്. ക്രിസ്തു എന്തിനുവേണ്ടി നിലകൊണ്ടുവോ, എന്തുപദേശിച്ചുവോ, എന്തുചെയ്തുവോ, അവയ്ക്ക് നേരെ വിരുദ്ധമായതിനുവേണ്ടി അന്തിക്രിസ്തു നിലകൊള്ളുകയും ഉപദേശിക്കുകയും ചെയ്യും.

ഉന്നതമായ ഒരു മതനേതാവ് എന്ന നിലയിലായിരിക്കും അവന് പ്രത്യക്ഷപ്പെടുന്നത്. എല്ലാ സഭയേയും സംഘടിപ്പിച്ചു ഒരു സംഘടനയായി അതിനെ ഉയര്ത്തും. അന്തിക്രിസ്തുവിന്റെ മര്മ്മം ഇപ്പോഴേ വ്യാപരിക്കുന്നു. അവന് പ്രത്യക്ഷമാകുന്നതോടുകൂടി എല്ലാവരും ഒന്നു ചേര്ന്ന് ഒരു വലിയ സംഘടനയാകുവാനും അവന് നേതൃത്വം കൊടുക്കും. ക്രൈസ്തവ സമൂഹങ്ങള് മാത്രമല്ല, എല്ലാ മതങ്ങളെയും ഒരുമിപ്പിച്ചു സംഘടിപ്പിക്കുന്നതിനുള്ള ശ്രമം ഇന്നു നടന്നു വരുന്നതും ക്രൈസ്തവ നേതാക്കള് തന്നെ അതിന് മുന്കൈ എടുത്തു പ്രവര്ത്തിച്ചു വരുന്നതും തന്നെ അധര്മ്മത്തിന്റെ മര്മ്മം ഇപ്പോഴെ വ്യാപരിച്ചു തുടങ്ങി എന്നതിന്റെ തെളിവാണ്.

ഒരു വലിയ രാഷ്ട്രീയ നേതാവായും കൂടെയായിരിക്കും അന്തിക്രിസ്തു എഴുന്നേല്ക്കുന്നത്. ഒരു കാലത്ത ലോകത്തിന്റെ മഹത്വമായിരുന്ന റോമാ സാമ്രാജ്യം പുനരുദ്ധരിക്കപ്പെടും. പത്തു രാജ്യങ്ങള് ചേര്ന്ന് ഒരു രാഷ്ട്രീയ സഖ്യം

അന്ത്യകാലത്ത് വരികയും ഈ ദശരാഷ്ട്ര സഖ്യം ആണ് അന്തിക്രിസ്തുവിനെ രംഗത്തു കൊണ്ടു വരുന്നത്. സഭയുടെ ഉള്പ്രാപണത്തോടുകൂടെ ഈ പത്തു രാജാക്കന്മാരും അവരുടെ രാജ്യങ്ങളും അതിന്റെ പ്രതാപത്തിലേക്കുയരും. അന്തിക്രിസ്തു അതിന്റെ നേതാവായിരിക്കും. അവര് (പത്തു രാജാക്കന്മാര്) മൃഗത്തോട് (അന്തിക്രിസ്തുവിനോട്) ഒന്നിച്ച് ഒരു നാഴിക നേരത്തേയ്ക്ക് രാജാക്കന്മാരെപ്പോലെ അധികാരം പ്രാപിക്കും താനും. വെളി. 17: 2, 17. അവന് അതിന്റെ നേതൃത്വം ഏറ്റെടുത്ത് ഏകാധിപതിയായി ഭരണം നടത്തും. ഇതര രാജാക്കന്മാര് അവന്റെ ആഞ്ജാനുവര്ത്തികള് മാത്രമായിരിക്കും. ദാനി. 7: 24; 8: 2; വെളി. 13: 1; 17: 12.

വലിയ ശക്തിയും പ്രതാപവുമുള്ള ഒരു രാജാവായിരിക്കും അന്തിക്രിസ്തു. ഇതര രാജ്യങ്ങളെടു യുദ്ധം ചെയ്ത് അവരെ ജയിക്കും. എല്ലായിടവും അവന് ആധിപത്യം സ്ഥാപിക്കും. സകല ഗോത്രത്തിന്മേലും വംശത്തിന്മേലും ഭാഷമേലും ജാതിമേലും അവന് അധികാരം ലഭിക്കും. 13: 7. എല്ലാവരും അവനെ നമസ്കരിക്കും. വിജ്ഞാനപരമായും അന്തിക്രിസ്തു ഏറ്റവും ഉന്നതനിലയില് തന്നെ കാണപ്പെടും. ആരെയും ആശ്ചര്യപ്പെടുത്തമാറുള്ള അത്ഭുതങ്ങള് അവന് പ്രവര്ത്തിക്കും. അവന് പാമ്പിനെപ്പോലെ ബുദ്ധിശാലി ആയിരിക്കും. ആരെയും തെറ്റിക്കുന്നതിനുള്ള ഉപായം അവന് പ്രയോഗിക്കും. അങ്ങനെ എല്ലാവരും അവനെ പിന്പറ്റുവാന് ഇടയാക്കും.

കൂടാതെ യഹൂദന്മാരുടെ മശിഹാ എന്ന ഭാവത്തിലും കൂടെയാണ് അന്തിക്രിസ്തു പ്രത്യക്ഷപ്പെടുന്നത്. യിസ്രയേലിന് അവന് ചില വാഗ്ദത്തങ്ങള് നല്കും. അവരുമായി ഏഴു വര്ഷത്തേക്ക് ഒരു ഉടമ്പടി ഉണ്ടാക്കും. ദൈവാലയം പണിയുന്നതിനുള്ള എല്ലാ സഹായങ്ങളും അവന് ചെയ്തു കൊടുക്കും. മശിഹായുടെ പ്രത്യക്ഷതയ്ക്കായി കാത്തിരിക്കുന്ന യഹൂദജാതി തങ്ങളുടെ മശിഹാ ആയി അവനെ അംഗീകരിക്കും. ‘‘ഞാന് എന്റെ പിതാവിന്റെ നാമത്തില് വന്നിരിക്കുന്നു. എന്നെ നിങ്ങള് കൈക്കൊള്ളുന്നില്ല. മറ്റൊരുത്തന് സ്വന്തനാമത്തില് വന്നാല് അവനെ നിങ്ങള് കൈക്കൊള്ളും. ’’ യോഹ. 5: 43. കര്ത്താവിന്റെ ഈ വചനങ്ങള് അങ്ങനെ നിവര്ത്തിക്കപ്പെടും. ഈ വ്യാജമശിഹാ യഹൂദജനതയെയും ലോകത്തെയും കബളിപ്പിക്കാനും ജയിക്കാനുമായി പുറപ്പെടുന്ന. പീഢ ആരംഭിക്കുന്നു.